# 26

# കൊടുങ്കാറ്റിനു മീതെ ഉയരൽ

## (7:9-17)

വിമാനം പൊങ്ങുവാൻ തുടങ്ങി. എനിക്ക് ഭയമായിരുന്നു. മഴ പെയ്യുകയും, കാറ്റ് വീശുകയും ചെയ്തിരുന്നു; അശുഭസൂചകമായി മുകളിൽ ആകാശം മൂടി ഇരുണ്ടിരുന്നു. ഞാൻ ജനലിൽകൂടെ പുറത്തേക്ക് നോക്കിയപ്പോൾ, എന്തുകൊണ്ട് അവർ വിമാനം റദ്ദാക്കിയില്ല, അല്ലെങ്കിൽ അല്പം വൈകി എടുത്തില്ല എന്ന് ഞാൻ സംശയിച്ചുപോയി. ഞങ്ങൾ മുകളിലേക്ക് ഉയർന്നപ്പോൾ, ഇരിപ്പിടമൊന്നു കുലുങ്ങി. വായു സംബന്ധമായ പ്രശ്നം വരുമ്പോൾ ഉപയോഗിക്കേണ്ട ബാഗ് അടുത്തുതന്നെയുണ്ടോ എന്ന് ഞാൻ പരിശോധിച്ചു. പല്ലുകൾ കൂട്ടിയിടിക്കുന്ന ഏതാനും നിമിഷങ്ങൾക്ക് ശേഷം, വിമാനം ഇരുട്ടിനെ കീറി മുറിച്ച് സൂര്യപ്രകാശത്തിലേക്ക് നീങ്ങി. താഴെയുള്ള മേഘങ്ങൾ കളിക്കുന്ന കയ്യിലെ പഞ്ഞികൊണ്ടുള്ള പന്തുകൾ പോലെ, വെളുത്ത് മിന്നുന്നു. ഇപ്പോൾ വിമാനം ശാന്തമായി പറക്കുന്നു. ഞങ്ങൾ കൊടുങ്കാറ്റിന് മീതെ ഉയർന്നിരിക്കുന്നു.

വരുവാനിരിക്കുന്ന കൊടുങ്കാറ്റിനെ നേരിടുവാൻ ദൈവ ദാസന്മാരെ ഒരുക്കുന്നതായിട്ടാണ് നാം കഴിഞ്ഞ പാഠത്തിൽ കണ്ടത്. ഈ പാഠത്തിൽ, കൊടുങ്കാറ്റിന് *ശേഷം* അവർ ദൈവസന്നിധിയിലായിരിക്കുന്നത് കാണും.

അദ്ധ്യായം 7 ലെ, ആദ്യരംഗത്തിൽ, ഭൂമിയിൽ "സമരാസക്തമായ സഭ " യാണ്[1] ഉള്ളത്; അവസാനം, "വിജയിയായ സഭ"[2] സ്വർഗത്തിൽ[3] ആണുള്ളത്. ആദ്യ ചിത്രത്തിൽ ക്രിസ്ത്യാനികൾക്ക് അഭയം കൊടുത്തിരിക്കുന്നു; രണ്ടാമത്തേതിൽ ക്രിസ്ത്യാനികൾക്ക് പ്രതിഫലം കൊടുത്തിരിക്കുന്നു. വാക്യം 1 മുതൽ 8 വരെ വർത്തമാനകാല സുരക്ഷിതത്വത്തെ വിവരിച്ചിരിക്കുകയാണ്, എന്നാൽ വാക്യങ്ങൾ 9 മുതൽ 17 വരെ അന്തിമരക്ഷയെ വിവരിച്ചിരിക്കുകയാണ്.

വെളിപ്പാട് 7:9–17 നെ റോബെർട്ട് മൗൺസ് വിളിച്ചിരിക്കുന്നത് "തിരുവെഴുത്തിലെ മറ്റേതൊരു ഭാഗത്തേക്കാളും സ്വർഗീയമായ അവസ്ഥയെ ഉയർത്തി വർണ്ണിച്ചിരിക്കുന്ന ഭാഗമെന്നാണ്."[4] ആ അദ്ധ്യായത്തെ മെറിൽ സി. ടെനി പറഞ്ഞിരിക്കുന്നത് "ഉപദ്രവിക്കപ്പെട്ടവർക്ക് അഭയവും, ഭക്തിയുള്ളവർക്ക് സന്തോഷവും, വീണ്ടെടുക്കപ്പെട്ട എല്ലാവർക്കും ലക്ഷ്യവും ഉണ്ട്."[5] ഒന്നാം നൂറ്റാണ്ടിൽ മരണത്തെ അഭിമുഖീകരിച്ച ക്രിസ്ത്യാനികളെ ആശ്വസിപ്പിക്കുന്നതായിരുന്നു ആ വാക്യങ്ങൾ – അവ ഇന്നും തുടർച്ചയായി ആശ്വാസം പകർന്നുകൊണ്ടിരിക്കുന്നു.

### രംഗം (7:9-12, 14)

#### പുരുഷാരത്തെ തിരിച്ചറിയിക്കുന്നു (വാ. 9, 11, 14)

സിംഹാസനത്തിനു ചുറ്റും വീണ്ടെടുക്കപ്പെട്ട പുരുഷാരത്തിന്റെ ചിത്രവുമായാണ് വേദഭാഗം ആരംഭിക്കുന്നത്: "ഇതിന്റെ ശേഷം, സകലജാതികളിലും,

ഗോത്രങ്ങളിലും, ഭാഷകളിൽനിന്നുള്ളതായി ആർക്കും എണ്ണിക്കൂടാത്ത[6] ഒരു മഹാ പുരുഷാരം വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി കുഞ്ഞാടിന്നും സിംഹാസനത്തിനും മുമ്പാകെ നിൽക്കുന്നത് ഞാൻ കണ്ടു" (വാ. 9).

വാക്യം 11 പറയുന്നു "സകലദൂതന്മാരും സിംഹാസനത്തിന്റേയും മൂപ്പന്മാരുടേയും നാല് ജീവികളുടേയും ചുറ്റും നിന്നു സിംഹാസനത്തിന്റെ മുമ്പിൽ കവിണ്ണുവീണു." ഈ സിംഹാസനരംഗമാണ് അദ്ധ്യായം 4-ൽ പരിചയപ്പെടുത്തിയത് (ഈ പുസ്തകത്തിൽ ആദ്യം വന്ന "സിംഹാസനത്തിനു ചുറ്റുമുള്ള രംഗം" എന്ന ചിത്രീകരണം നോക്കുക.)

ഈ ഭാഗത്ത് നാം ഒരു പൂർണ്ണ വൃത്തത്തിലേക്കാണ് വരുന്നത്.[7] അദ്ധ്യായം 4-ൽ നാം സിംഹാസനത്തോടുകൂടി ആരംഭിക്കുകയും പിന്നെ മൂപ്പന്മാരെയും നാലു ജീവികളേയും കണ്ടു. അദ്ധ്യായം 5-ൽ കുഞ്ഞാടും ദൂതന്മാരും രംഗത്തിൽ ചേരുന്നു. ഇപ്പോൾ, അദ്ധ്യായം 7-ൽ, സിംഹാസനമുറിയിൽ എണ്ണിക്കൂടാത്ത മഹാ പുരുഷാരം നിൽക്കുന്നു. (ഈ പാഠത്തിന്റെ അവസാനം വരുന്ന "സിംഹാസനത്തിനു ചുറ്റുമുള്ള മഹാപുരുഷാരം" എന്ന ചിത്രീകരണം നോക്കുക.)

ആരാണ് ഈ പുരുഷാരം? എന്റെ മനസ് 1956 ലേക്ക് പോകുന്നു. അബിലീൻ ക്രിസ്റ്റ്യൻ കോളേജിൽ (ഇപ്പോൾ യൂണിവേഴ്സിറ്റിയാണ്) ഫ്രാങ്ക് പാക്കിന്റെ വെളിപ്പാട് പുസ്തക ക്ലാസിലായിരുന്നു ഞാൻ. ഒരു ദിവസം ബ്രദർ പാക്ക് എന്നോട് അടുത്ത ക്ലാസ് കൈകാര്യം ചെയ്യുവാനാവശ്യപ്പെട്ടു. വെളിപ്പാട് 7:9-17 എടുക്കുവാനായിരുന്നു എന്നോട് ആവശ്യപ്പെട്ടത്. ആ ക്ലാസിൽ, ആ മഹാ പുരുഷാരം, അടിസ്ഥാനപരമായി വാക്യങ്ങൾ 1 മുതൽ 8 വരെ[8] കണ്ടതായ 144,000 പേർ തന്നെയായിരുന്നു എന്നാണ് ഞാൻ പറഞ്ഞത്. എന്റെ കൂടെ ക്ലാസിലുണ്ടായിരുന്ന ചിലർ അതിനെ ശക്തമായി എതിർത്തു - അത് അറിയിക്കുവാൻ അവർ മടിച്ചതുമില്ല. അടുത്ത ക്ലാസ് ആരംഭിക്കുന്നതിന് മുൻപ് അതിനെ കുറിച്ച് അവർ ബ്രദർ പാക്കിനോട് ചോദിക്കയുണ്ടായി. എന്റെ തീർപ്പിനോട് അദ്ദേഹം യോജിക്കയുണ്ടായി, പക്ഷെ അതിനെ കുറിച്ച് വിദ്യാർത്ഥികളെ തൃപ്തിപ്പെടുത്തുവാനായി ആ ക്ലാസ് മുഴുവൻ ഞാൻ പഠിപ്പിച്ച വാക്യങ്ങളെ വീണ്ടും പഠിപ്പിക്കുവാനായി അദ്ദേഹത്തിന് ചെലവിടേണ്ടിവന്നു. അദ്ദേഹം ആ സെമിസ്റ്ററിൽ, ഒരിക്കലും പിന്നീട് ക്ലാസിൽ വരാതിരുന്നിട്ടില്ല എന്നാണ് ഞാൻ ഓർക്കുന്നത്.

അന്ന് ഞാൻ എടുത്ത തീർപ്പിൽ തന്നെയാണ് ഇപ്പോഴുമുള്ളത് - ആ രണ്ടു കൂട്ടവും അടിസ്ഥാനപരമായി ഒന്നുതന്നെ. ആ കാര്യത്തിൽ മിക്ക വ്യാഖ്യാതാക്കളും എന്നോട് യോജിക്കുന്നുണ്ട്. യോജിക്കാത്തവർക്ക് ആ രണ്ടു കൂട്ടവും തമ്മിലുള്ള വ്യത്യാസം സ്പഷ്ടമാക്കുവാൻ കഴിയുന്നില്ല:

(1) ആദ്യത്തെ കൂട്ടർ യെഹൂദന്മാരും രണ്ടാമത്തെ കൂട്ടർ ജാതികളുമാണെന്നാണ് ചിലർ പറയുന്നത്. എങ്ങനെയായാലും, നമ്മുടെ കഴിഞ്ഞ പാഠത്തിൽ, നാം ഊന്നി പറഞ്ഞത്, 144,000 പേർ ആത്മീയ യിസ്രായേലായ - സഭയാണെന്നാണ്, അത് രക്ഷിക്കപ്പെട്ട എല്ലാവരേയും ആലങ്കാരികമായി പറഞ്ഞിരിക്കയാണ്. ഈ പാഠത്തിന്റെ വേദഭാഗത്ത് നമ്മോട് പറഞ്ഞത് ആ പുരുഷാരം ഭൂമിയിലെ *സകല ജാതികളിൽനി*ന്നും വീണ്ടെടുക്കപ്പെട്ടവരാണ് എന്നത്രെ (വാ. 9; എംഫസിസ് മൈൻ) - യെഹൂദന്മാ*രൊഴിച്ച്* സകല ജാതികളുമല്ല. രണ്ടു കൂട്ടത്തിലും രക്ഷിക്കപ്പെട്ടവരാണുണ്ടായിരുന്നത്, അത് യെഹൂ

ദന്മാരിൽനിന്നായാലും ശരി ജാതികളിൽനിന്നായാലും ശരി.

(2) ആദ്യത്തെ കൂട്ടത്തിന്റെ എണ്ണം പറയുകയും രണ്ടാമത്തെ കൂട്ടത്തിന്റെ എണ്ണം പറയാതിരിക്കുകുയും ചെയ്തതിന് പ്രാധാന്യമുണ്ടെന്ന് ചിലർ വിചാരിക്കുന്നു. എങ്കിലും, യോഹന്നാൻ *കണ്ടത്* രണ്ടു കൂട്ടത്തെയാണ്. ആദ്യത്തെ കൂട്ടത്തെ അവൻ *എണ്ണിയില്ല*, അവനോട് എണ്ണം *പറഞ്ഞതാണ്*. (എന്റെ സഹോദരൻ കോയ് എന്നെ ഒരിക്കൽ മിഷിഗൻ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ ഒരു ഫുട്ട്ബാൾ കളി കാണുവാൻ കൊണ്ടുപോയി. ഗാലറികളിൽ ഇരുന്നവരെ *എണ്ണി* തിട്ടപ്പെടുത്തുവാൻ ആർക്കും കഴിയുമായിരുന്നില്ല, എന്നാൽ എന്നോട് *പറഞ്ഞത്*, 100,000 ലധികം പേർ അന്ന് വന്നിരുന്നു എന്നാണ്.) തീർച്ചയായും, 7:4-ൽ പറഞ്ഞിരിക്കുന്ന 144,000 പേർ അക്ഷരികമല്ല, ആലങ്കാരികമാണ്. ഒരു കൂട്ടം ആകെ എത്രയുണ്ടെന്ന് പറയുകയും മറ്റൊരുകൂട്ടം എത്രയുണ്ടെന്ന് പറയാതിരിക്കുകയും ചെയ്തതിനാൽ, രണ്ടും അടിസ്ഥാനപരമായി ഒന്നാണെന്ന് തീർച്ചപ്പെടുത്തുന്നതിൽ കുഴപ്പമില്ല.[9]

അദ്ധ്യായം 7 ലെ രണ്ട് രംഗങ്ങളും ഞാൻ ചേർക്കുന്നത് ഇങ്ങനെയാണ്: കാറ്റ് നാശം അഴിച്ചുവിടുമ്പോൾ, ക്രിസ്ത്യാനികളെ ദൈവം മുദ്രയിട്ടു സംരക്ഷിക്കുമെന്ന് വാക്യങ്ങൾ 1 മുതൽ 8 വരെ പറയുന്നു. 144,000 പ്രതിനിധീകരിക്കുന്നത് സഭയിലെ എല്ലാ അംഗങ്ങളെയുമാണ് - ഭൂതകാലത്തിലേയും, വർത്തമാനകാലത്തിലേയും, ഭാവികാലത്തിലേയും. *എല്ലാ* ആദ്യക്രിസ്ത്യാനികളെയും മുദ്രയിട്ട് സംരക്ഷിച്ചിരുന്നു. ആ സാഹചര്യം ഒരു ചോദ്യമുയർത്തുന്നു: ദൈവത്തിന്റെ സംരക്ഷണം മതിയോ; അത് ഫലപ്രദമാണോ? ആ ചോദ്യത്തിനുള്ള ഉത്തരം വാക്യങ്ങൾ 9 മുതൽ 17 വരെ നൽകുന്നു: ആ പുരുഷാരം "മഹാകഷ്ടത്തെ" അതിജീവിച്ചവരാണ് (വാ. 14). മുദ്രയിട്ടവർ കാറ്റിന്റെ നാശത്തിനിരയാകാതെ, ദൈവസന്നിധിയിൽ അവരെ ഭദ്രമായി സംരക്ഷിച്ചു! യുദ്ധത്തിന് *മുൻപുണ്ടായിരുന്ന* ദൈവജനത്തെയാണ്, 144,000 പേർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, എന്നാൽ മഹാപുരുഷാരം പ്രതിനിധാനം ചെയ്യുന്നത്, യുദ്ധത്തിന് *ശേഷമുള്ള* ദൈവജനത്തെയാണ്, അവർ ജയിച്ച് വിജയശ്രീലാളിതരായവരാണ്.[10]

ആദ്യക്രിസ്ത്യാനികൾ അദ്ധ്യായം 7 വായിച്ചപ്പോൾ അവരോട് പറഞ്ഞു, "നിങ്ങൾ റോമിനെ അഭിമുഖീകരിക്കുമ്പോൾ, ദൈവം നിങ്ങളോടുകൂടെയിരുന്ന് നിങ്ങളെ സംരക്ഷിക്കും. റോം നിങ്ങളെ കൊല്ലുകയാണെങ്കിലും, അതിന്റെ ഏക അനന്തരഫലം നിങ്ങൾ കർത്താവിനോടുകൂടെ ആകും എന്നതാണ്!" ആ വേദഭാഗം നിങ്ങളും ഞാനും വായിക്കുമ്പോൾ, ജീവിതത്തിൽ എന്തൊക്കെ പ്രശ്നങ്ങളുണ്ടായാലും, നാളെ ഒരു ശുഭപ്രതീക്ഷയാണ് അത് വാഗ്ദാനം ചെയ്യുന്നത്!

**പുസ്തകം പരിശോധിക്കൽ (വാ. 9-12)**

ആ അവലോകനം മനസിൽ വെച്ചുകൊണ്ട്, നമുക്ക് വാക്യാനുസാരമായി വേദഭാഗത്തെ പരിശോധിക്കാം:

യോഹന്നാൻ "ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാ പുരുഷാരത്തെ കണ്ടു" (വാ. 9). അബ്രഹാമിനോട് അവന്റെ സന്തതി ഭൂമിയിലെ പൊടിപോലെയും, ആകാശത്തിലെ നക്ഷത്രങ്ങളെപോലെയും, കടലിലെ മണൽപോലെയും ആക്കും (ഉൽപത്തി 13:16; 15:5; 32:12). ക്രിസ്ത്യാനികൾ അബ്രഹാമിന്റെ ആത്മിയ സന്തതികളായതുകൊണ്ട് (റോമർ 4:11; ഗലാത്യർ 3:29), വിവരണം

അന്വർത്ഥമാണെന്ന് തോന്നുന്നു.

മഹാപുരുഷാരം, സകലഗോത്രങ്ങളിൽനിന്നും, ജാതികളിൽനിന്നും, ഭാഷകളിൽനിന്നുമുള്ള ആളുകളായിരുന്നു (വാ. 9). മുൻപ് കുഞ്ഞാട് ഈ വാക്കുകളാൽ അവരെ പുകഴ്ത്തിയിരുന്നു, "നീ അവരെ ... നിന്റെ രക്തം കൊണ്ട്, സകലഗോത്രത്തിൽനിന്നും, വംശത്തിൽനിന്നും, ജാതിയിൽനിന്നും, ഭാഷയിൽനിന്നും വിലക്ക് വാങ്ങി" (5:9).[11] ദേശീയമായ എല്ലാ പശ്ചാത്തല ത്തിൽനിന്നുമുള്ളവരാണ് രക്ഷിക്കപ്പെട്ടവരായി വന്നിട്ടുള്ളത്. നിങ്ങൾ മഹാ നഗരങ്ങളിലെ വീഥികളിൽ തിരക്കുള്ള സമയത്ത് നോക്കിയാൽ കാണാം ബഹു-വിധമായ ആളുകളുടെ ഒഴുക്ക്, അങ്ങനെയെങ്കിൽ യോഹന്നാൻ കണ്ടത് നിങ്ങൾക്ക് മനസിലാകും.

"*അനേകം* പേരുള്ള സംഘം" ആയിരുന്നു അത് എന്ന് ശ്രദ്ധിക്കുക (ഏബി; എംഫസിസ് മൈൻ). "ജീവങ്കലേക്കുള്ള" വഴി കണ്ടെത്തുന്നവർ "ചുരുക്കം" ആയിരിക്കുമെന്ന് യേശു ഊന്നി പറഞ്ഞിരുന്നു (മത്തായി 7:14). എന്നാൽ "ചുരുക്കം" എന്ന വാക്ക് ആപേക്ഷികമാണ്. രക്ഷിക്കപ്പെട്ടവരിൽ കർത്താവ് പുറത്താക്കിയ ആരെയും ഉൾപ്പെടുത്തുന്നത് തെറ്റാണ്, അതുപോ ലെ കർത്താവ് ഉൾപ്പെടുത്തിയവരെ പുറത്താക്കുന്നതും തെറ്റാണ്. പുരാതന മായ ഒരു ആക്ഷേപഹാസ്യ എഴുത്തിൽ ഇങ്ങനെ കാണുന്നു: "ഞാനും നീയും മാത്രമെ സ്വർഗത്തിൽ ഉണ്ടാകയുള്ളു ... പക്ഷെ നിന്നെ കുറിച്ച് ചിലപ്പോൾ ഞാൻ സംശയിക്കുന്നു."

നാം "ഏലിയാവിന്റെ അസാധാരണവികാരം" നാം ഉപേക്ഷിക്കണം: "ഞാൻ ഒരുത്തൻ മാത്രം ശേഷിച്ചിരിക്കുന്നു" (1 രാജാക്കന്മാർ 19:10, 14). നാം അങ്ങനെ വിചാരിക്കുമ്പോൾ, "ബാലിന് മുട്ടുകുത്താത്ത 7,000 പേരെ ഞാൻ ശേഷിപ്പിച്ചിരിക്കുന്നു" എന്ന് നമ്മെ ഓർപ്പിക്കുന്നു (1 രാജാക്കന്മാർ 19:18). അല്ലെങ്കിൽ വെളിപ്പാട് 7 ലെ വാക്ക് ഉപയോഗിക്കുകയാണെങ്കിൽ, "ആർക്കും എണ്ണിക്കൂടാത്ത മഹാ പുരുഷാരം" (വാ. 9), അപ്പോഴും കർത്താവിൽ വിശ്വ സ്തരായിരിക്കുന്നു!

എനിക്ക് സന്തോഷമുണ്ട്. നിങ്ങൾക്ക് ഇല്ലേ? സ്വർഗം "പ്രേതങ്ങളുടെ ടൗണായി,"[12] വീഥികൾ ശൂന്യവും കെട്ടിടങ്ങൾ ഒഴിവുള്ളതായും കണ്ടാലോ? എന്നാൽ അത് സന്തോഷമുള്ള ആളുകൾ ജീവിക്കുന്ന നഗരമായിരിക്കുമെന്ന് വെളിപ്പാട് നമുക്ക് ഉറപ്പു തരുന്നു - പ്രകാശമുള്ള പ്രവർത്തനോത്മുഖവും സന്തോഷഭരിതവുമായ മഹാ നഗരം!

ആ മഹാ പുരുഷാരം "സിംഹാസനത്തിനും കുഞ്ഞാടിനും മുമ്പിൽ" നിൽക്കുന്നതായി യോഹന്നാൻ പിന്നെ കണ്ടു (വാ. 9). ശേബാ രാജ്ഞി ശലോ മോനോട് പറഞ്ഞു, "നിന്റെ മുമ്പിൽ എപ്പോഴും നിന്നു ജ്ഞാനം കേൾക്കുന്ന ഭൃത്യന്മാർ ഭാഗ്യവാന്മാർ" (1 രാജാക്കന്മാർ 10:8). ദൈവത്തിന്റേയും യേശു ക്രിസ്തുവിന്റേയും മുമ്പിൽ നിൽക്കുന്നവർ അതിനേക്കാൾ എത്ര ഭാഗ്യവാ ന്മാരാണ്!

ദൈവസന്നിധിയിൽ നിൽക്കുന്നവർ "വെള്ളയുടുപ്പ് ധരിച്ചവരായിരുന്നു" (വാ. 9). ജയിക്കുന്നവർക്ക് വാഗ്ദാനം ചെയ്തിരിക്കുന്നതാണ് വെള്ളയുടുപ്പ് (3:4, 5; കൂടാതെ 3:18 ഉം നോക്കുക). വെള്ളയുടുപ്പ് "സ്വർഗീയ സിംഹാസന മുറിയിലെ 'ഏക കോടതി വസ്ത്രമാണ്' ".[13]

"അവരുടെ കയ്യിൽ കുരുത്തോലയുണ്ടായിരുന്നു" (വാ. 9). ഇത് ആദ്യമാ യാണ് കുരുത്തോലയുടെ ആലങ്കാരികത കാണുന്നത്. യെഹൂദമനസിൽ പന

മരം വിജയത്തിന്റേയും സന്തോഷത്തിന്റേയും ചിഹ്നമാണ്. ദേശം സന്തോഷിക്കുന്ന, സമാഗമനകൂടാരോൽസവത്തിൽ അവർ കുരുത്തോല ഉപയോഗിച്ചിരുന്നു (ലേവ്യാപുസ്തകം 23:34, 40; കൂടാതെ സെഖര്യാവ് 14:16 ഉം നോക്കുക). പിന്നെ, "ജൂഡാസ് മെക്കാബിയസിന്റെ ആരംഭകാലത്ത് രാജാവിനെ പ്രതീക്ഷിക്കുന്ന ഉൽസവത്തിൽ ജനങ്ങൾ [ഈന്തപ്പനയുടെ കുരുത്തോല] ഉപയോഗിച്ചിരുന്നു."[14] യേശുവിന്റെ വിജയകരമായ യെരുശലേം പ്രവേശന സമയത്ത് ആളുകൾ "കയ്യിൽ കുരുത്തോലയുമായി, 'ഹോശന്നാ! യിസ്രായേലിന്റെ രാജാവായി കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ' എന്ന് ആർത്തു" (യോഹന്നാൻ 12:13).

വെളിപ്പാട് 7-ൽ കുരുത്തോല പിടിച്ചിരുന്നവർ സന്തോഷിക്കുകയായിരുന്നു: " 'രക്ഷ എന്നുള്ളത് സിംഹാസനത്തിലിരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റേയും കുഞ്ഞാടിന്റേയും ദാനം' എന്ന് അവർ അത്യുച്ചത്തിൽ ആർത്തുകൊണ്ടിരുന്നു" (വാ. 10). "രക്ഷ ദൈവത്തിന്റേത്" എന്ന പ്രയോഗത്തിന്റെ അർത്ഥം രക്ഷയുടെ ഉറവിടം ദൈവം ആണ് എന്നത്രെ. ആർഎസ്‌വിയിൽ "രക്ഷ ദൈവത്തി*നുള്ളത്*" എന്നാണ്. (എംഫസിസ് മൈൻ.)

ഈ വേദഭാഗത്ത് "രക്ഷ" എന്നത് അവസാനം സ്വർഗത്തിൽ ലഭിക്കുന്ന അന്തിമമായ അവസ്ഥയാണ്. "രക്ഷ" എന്നാൽ കഴിഞ്ഞകാല പാപത്തിൽനിന്നുള്ള രക്ഷയായും പറയുന്നുണ്ട് (മർക്കൊസ് 16:16), ദൈവത്തിൽ വിശ്വസ്തമായി ജീവിക്കുന്ന ദൈവപൈതൽ തുടർച്ചയായി രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന അർത്ഥത്തിലും ഉപയോഗിച്ചിട്ടുണ്ട് (2 കൊരിന്ത്യർ 2:15; 1 യോഹന്നാൻ 1:7 നോക്കുക), അല്ലെങ്കിൽ (വേദഭാഗത്തിലേതുപോലെ), നിത്യമായി രക്ഷിക്കപ്പെടുക. "രക്ഷ അന്ത്യകാലത്തിലാണ് വെളിപ്പെട്ടിരിക്കുന്നത്" എന്ന് പത്രൊസ് പറഞ്ഞിരിക്കുന്നു (1 പത്രൊസ് 1:5).

"രക്ഷ" എന്ന വാക്ക് ഗ്രീക്കിൽനിന്ന് തർജിമ ചെയ്തിരിക്കുന്നതിന്റെ ആശയം, പൂർണ്ണമാക്കുക, സൗഖ്യമാക്കുക, അവസാനം രക്ഷിക്കുക എന്നീ ആശയങ്ങളോട് യോജിക്കുന്നതാണ്. എൻ ഈബിയിൽ അതുകൊണ്ട് ഉപയോഗിച്ചിരിക്കുന്നത് "ജയം" എന്ന വാക്കാണ്. വീണ്ടെടുക്കപ്പെട്ടവർ പാപത്തെ ജയിച്ചവരാണ്, അവരുടെ പരീക്ഷണങ്ങളെ ജയിച്ചവരാണ്, അവരുടെ ശത്രുക്കളെയും ജയിച്ചവരാണ് - അതുകൊണ്ട് അവർ കർത്താവിനെ പുകഴ്ത്തി!

പെട്ടെന്ന്, സിംഹാസനമുറിയിലുണ്ടായിരുന്ന *എല്ലാവരും* ആ പുകഴ്ച്ചയിൽ പങ്ക് ചേർന്നു: "മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗത്തിൽ സന്തോഷമുണ്ടങ്കിൽ ([ലൂക്കൊസ്] 15:10), സ്വർഗീയ സംഘം ദൈവമുമ്പാകെ വീണ്ടെടുക്കപ്പെട്ടവരോടുകൂടി ഒത്തുചേരുന്നത് എത്രയധികം സന്തോഷപ്രദമായിരിക്കും!"[15]

> സകലദൂതന്മാരും സിംഹാസനത്തിന്റേയും മൂപ്പന്മാരുടേയും നാല് ജീവികളുടേയും ചുറ്റും നിന്നു സിംഹാസനത്തിന് മുമ്പിൽ കവിണ്ണുവീണു. ആമേൻ,[16] നമ്മുടെ ദൈവത്തിന്ന് എന്നെന്നേക്കും സ്തുതിയും, മഹത്വവും, ജ്ഞാനവും, സ്തോത്രവും, ബഹുമാനവും, ശക്തിയും,[17] ബലവും, ആമേൻ എന്നു പറഞ്ഞുകൊണ്ട് ദൈവത്തെ നമസ്കരിച്ചു (വാ. 11, 12).

### വാക്ക് വിശദീകരിക്കുന്നു

കൂടാരപ്പെരുന്നാൾ - എന്ന "ഏറ്റവും സന്തോഷപ്രദമായ യെഹൂദ പെരു

ന്നാളുകളെ"[18] ആണ് വ്യാഖ്യാതാക്കൾ 7:9-12 ലെ പുകഴ്ത്തൽ, കുരുത്തോല, വെള്ളയുടുപ്പ് എന്നീ വാക്കുകളാലുദ്ദേശിക്കുന്നത്. യെഹൂദന്മാർ മിസ്രയിമിൽനിന്ന് കനാൻ ദേശത്തേക്ക് യാത്ര ചെയ്തതിനേയും കൊയ്ത്തുകാലം പൂർത്തിയാക്കുന്നതിനേയും ഓർമ്മിക്കുന്നതായിരുന്നു ആ ആഘോഷം. ആ ആഘോഷത്തിന് സമാനമായ ചിലത് വെളിപ്പാട് 7:9-12-ൽ നിന്ന് നാം കാണുകയുണ്ടായി.

*ഉടുപ്പുകൾ.* കൂടാരപ്പെരുന്നാളിനിടയിൽ ആളുകൾ വിശേഷ വസ്ത്രം ധരിച്ച് പാടുകയും ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്തിരുന്നു.

*കുരുത്തോലകൾ*. യെഹൂദന്മാരോടു കൽപിച്ചു, "ആദ്യദിവസം ഭംഗിയുള്ള വൃക്ഷങ്ങളുടെ ഫലവും, ഈന്തപ്പനയുടെ കുരുത്തോലയും, തഴെച്ചിരിക്കുന്ന വൃക്ഷങ്ങളുടെ കൊമ്പും ആറ്റലരിയും എടുത്തുകൊണ്ട് നിങ്ങളുടെ ദൈവമായ യഹോവയുടെ സന്നിധിയിൽ ഏഴ് ദിവസം സന്തോഷിക്കേണം" (ലേവ്യാപുസ്തകം 23:40). ആഘോഷദിവസങ്ങളിലെല്ലാം കുരുത്തോല ഉപയോഗിച്ചിരുന്നു.

*പുകഴ്ത്തലുകൾ*. തന്റെ ജനത്തെ ദൈവം മരുഭൂമിയിൽ കൂടെ നടത്തി സുരക്ഷിതമായി എത്തിച്ചതിന് അവർ ദൈവത്തെ ഏറ്റവും ഉയർത്തി.

സാധ്യതയുള്ള മറ്റു സമാനതകൾ ശേഷിച്ച ഭാഗമായ 7:13-17-ൽ നമ്മെ ഓർപ്പിക്കുന്നുണ്ട്.

*സമാഗമന കൂടാരങ്ങൾ* (കൂടാരങ്ങൾ). മരുഭൂമിയിലെ തങ്ങളുടെ വാസം ഓർപ്പിക്കുന്ന വിധത്തിൽ യെഹൂദന്മാർ, ആഘോഷസമയത്ത് കൂടാരങ്ങളിലായിരുന്നു പാർത്തിരുന്നത്. കൂടാരം വാങ്ങുവാൻ കഴിവില്ലാത്തവർ മറ്റുള്ളവരുടെ സമാഗമനകൂടാരങ്ങളിൽ (കൂടാരങ്ങളിൽ) കഴിയണമായിരുന്നു. അതുപോലെ, ദൈവം തന്റെ "കൂടാരം വിരിക്കുകയും" (വാ. 15) വീണ്ടെടുക്കപ്പെട്ടവർക്ക് അങ്ങനെ സുരക്ഷിതത്വം നൽകുകയും ചെയ്യും (വാ. 16).

*വെള്ളത്തിലേക്ക് നയിച്ചു*. "പെരുന്നാളിന്റെ മഹാ ദിവസം" എന്നാണ് പെരുന്നാളിന്റെ അവസാനദിവസത്തെ വിളിച്ചിരുന്നത് (യോഹന്നാൻ 7:2, 37). അന്ന്, പെരുന്നാളിലെ വിജയാഹ്ലാദ ആരാധകർ പുരോഹിതനോടൊത്ത് ശിലോഹോം കുളത്തിലേക്ക് പോയി, അതിൽനിന്നുള്ള വെള്ളം ആഘോഷങ്ങൾക്കായി എടുക്കും. അതുപോലെ, വീണ്ടെടുക്കപ്പെട്ടവരെ കുഞ്ഞാട് "ജീവജല ഉറവയിലേക്ക് നയിക്കും" (വെളിപ്പാട് 7:17)[19]

ആ ഭാവനയിലെ അധികഭാഗവും കൂടാരപ്പെരുന്നാളിൽനിന്നുള്ളവയാണെന്ന് തീർച്ച. അത് അങ്ങനെയാണെങ്കിലും അല്ലെങ്കിലും, 7:9-17 വിവരിക്കുന്നത് വിജയാഹ്ലാദത്തോടെ ആരാധിക്കുന്നവരെയാണ്. അവർ "മഹാകഷ്ടത്തിൽനിന്നു" വന്നവരായിരുന്നു, എന്നാൽ യുദ്ധം-ചെയ്ത് ക്ഷീണിച്ചവരായിരുന്നില്ല. അവർ അത്യാനന്ദമുള്ളവരും, സന്തോഷം നിറഞ്ഞവരും, വിജയികളുമായിരുന്നു.

### പ്രാധാന്യം (7:13-17)

വിശ്വസ്തരായി സ്വർഗത്തിലുള്ളവർ എത്രമാത്രം ഭാഗ്യമുള്ളവരാണെന്ന് അറിഞ്ഞു വാസ്തവത്തിൽ അനുമോദിക്കുവാൻ, കർത്താവ് യോഹന്നാനോട് എഴുതുവാൻ പറഞ്ഞ ചോദ്യോ-ത്തര ഭാഗം ശ്രദ്ധിക്കുക.[20] "മൂപ്പന്മാരിൽ ഒരാൾ,"[21] എന്നോട് ഉത്തരമായി,[22] പറഞ്ഞു, 'വെള്ളയുടുപ്പ് ധരിച്ചവർ, ആരാണ്, അവർ എവിടെ നിന്നു വരുന്നു?' " (വാ. 13).

> അവൻ തന്റെ കണ്ണുകളെ വികസിപ്പിച്ച് നോക്കി, പക്ഷെ വെള്ള വസ്ത്ര ധാരികളെ അവനു തിരിച്ചറിയുവാൻ കഴിഞ്ഞില്ല. അവൻ അതുപോലെ മുൻപ് ഒന്നും കണ്ടിട്ടില്ല. കറുത്ത വസ്ത്രധാരികളായി വിലപിക്കുന്നവരെ അവൻ കണ്ടിട്ടുണ്ട്, പാപത്തിന്റെ ചുവപ്പും, രാജകിയ ധൂമ്രവർണ്ണവും അവന് പരിചയമുണ്ടായിരുന്നു; വലിയവരേയും മറന്നവരേയും വേർതി രിക്കുന്ന സ്വർണ്ണത്തിന്റേയും വെള്ളിയുടേയും അലങ്കാരാഭരണങ്ങൾ അവൻ കണ്ടിട്ടുണ്ട്; പക്ഷെ ഭൂമിയിൽ ശുദ്ധമായ വെള്ള വസ്ത്രമെന്ന അടയാളം ധരിച്ചിരിക്കുന്നത് അവൻ ആദ്യമായിട്ടാണ് കാണുന്നത്.[23]

ആ ആളുകൾ ആരാണെന്ന അവന്റെ അജ്ഞത യോഹന്നാൻ തിരിച്ചറിയു കയും, അവർ ആരാണെന്ന് അറിയുവാനുള്ള താൽപര്യം അറിയിക്കുകയും ചെയ്തു: "എന്റെ കർത്താവേ,[24] നീ അറിയുന്നു" (വാ. 14).

നിത്യമായി രക്ഷിക്കപ്പെട്ടവരുടെ അനുഗ്രഹങ്ങളെ വിവരിക്കുന്നത് മനസി ലാക്കാവുന്ന മറുപടിയായിരുന്നു മൂപ്പന്മാരുടേത്.

**രക്ഷപ്രാപിച്ചവരുടെ അനുഗ്രഹം (വാ. 14)**

മൂപ്പൻ ചോദിച്ചു, "വെള്ളയുടുപ്പ് ധരിച്ചവർ ... എവിടെനിന്നാണ് വന്നത്?" ഇപ്പോൾ തന്റെ ചോദ്യത്തിന് മൂപ്പൻ മറുപടി പറഞ്ഞു: "അവർ മഹാകഷ്ട ത്തിൽനിന്നു[25] വന്നവരാണ്" (വാ. 14).

രണ്ടാം വരവിനോടനുബന്ധിച്ച് ഉണ്ടാകുമെന്ന് സങ്കൽപിക്കുന്ന സാങ്കേതി കമായ ഏഴ്-വർഷക്കാല ഉപദ്രവം എന്ന അർത്ഥം "മഹാകഷ്ടത്തിൽനിന്ന്" എന്ന പ്രയോഗത്തിനില്ല എന്ന് ഞാൻ ഊന്നി പറയട്ടെ.[26] ആയിരക്കണക്കിന് വർഷങ്ങൾക്ക് ശേഷം ഉണ്ടാകുന്ന കഷ്ടത്തെ ക്രിസ്ത്യാനികൾ അതിജീവി ക്കുമെന്നത് യോഹന്നാന്റെ കാലത്തെ ക്രിസ്ത്യാനികളെ ഒരിക്കലും ആശ്വ സിപ്പിക്കുകയില്ല. ആദ്യ നൂറ്റാണ്ടുകളിലെ സഭയിലുണ്ടായിരുന്ന ക്രിസ്ത്യാനി കൾ "മഹാ കഷ്ടം" എന്ന പ്രയോഗം വായിച്ചപ്പോൾ അവർക്ക് ഒരു കാര്യം വ്യക്തമായി: *അത്* തങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന കഷ്ടതകളും പ രീക്ഷണങ്ങളുമാണ്.

നമ്മുടെ പഠനങ്ങളിൽ, ഭാവിയിൽ ഉടനെ കഠിനമായ അഗ്നി പരീക്ഷണം വരുവാനിരിക്കുന്നു എന്ന് വെളിപ്പാട് പുസ്തകം മുന്നറിയിച്ചതായി നാം കണ്ടു. സ്മുർന്നയിലുണ്ടായിരുന്ന സഭയോട് പറഞ്ഞു, "നിങ്ങളെ പരീക്ഷി ക്കേണ്ടതിന് പിശാച് നിങ്ങളിൽ ചിലരെ തടവിലാക്കുവാൻ പോകുന്നു, പത്തു ദിവസം നിങ്ങൾക്ക് ഉപദ്രവം ഉണ്ടാകും" (2:10). "ഭൂതലത്തിൽ ഒക്കെയും വരുവാനിരിക്കുന്ന പരീക്ഷാസമയത്തെ കുറിച്ച്" ഫിലദെൽഫിയസഭയോട് പ റഞ്ഞിരുന്നു (3:10). ചുവന്ന കുതിരപ്പുറത്തിരിക്കുന്നവന് "മനുഷ്യർ അന്യോ ന്യം കൊല്ലുവാൻ തക്കവണ്ണം ഭൂമിയിൽനിന്ന് സമാധാനം എടുത്തുകളയേ ണ്ടതിന് അധികാരം ലഭിച്ചു" (6:4). യാഗപീഠത്തിൻകീഴുണ്ടായിരുന്ന രക്തസാ ക്ഷികളോട് പറഞ്ഞു, "അവരെ പോലെ കൊല്ലപ്പെടുവാനിരിക്കുന്ന സഹഭൃത്യ ന്മാരും സഹോദരന്മാരും വന്നു തികയുവോളം അൽപകാലം കൂടെ കാത്തി രിക്കേണം" (6:11). സന്ദർഭത്തിൽ, "മഹാകഷ്ടം" എന്ന് പറഞ്ഞിരിക്കുന്നത് റോമാ ഗവൺമെന്റിൽനിന്ന് ക്രിസ്ത്യാനികൾക്കുണ്ടായ ഉപദ്രവമായിരിക്കാം.

അതിൽ ഇപ്പോഴും നമുക്ക് ഒരു സന്ദേശം ഉള്ളതുകൊണ്ട് ആ വേദഭാഗം സൂക്ഷിച്ചിരിക്കുന്നു: ദൈവജനത്തിന് അവരുടെ സമയത്തും സ്ഥലത്തും ഉണ്ടാ

കുന്ന പരീക്ഷണങ്ങളെ അതിജീവിക്കുവാൻ ദൈവം സഹായിക്കും. "കഷ്ടം" എന്നത് ഗ്രീക്ക് വാക്കിന്റെ ക്രിയാരൂപം തർജിമ ചെയ്തിരിക്കുന്നതിന്റെ അർത്ഥം "ഞെരുക്കുക," അല്ലെങ്കിൽ "അമർത്തുക" എന്നാണ്; കോതമ്പ് അല്ലെങ്കിൽ യവം ആഹാരത്തിന് ആട്ടുന്നതിനെയാണ് സൂചിപ്പിക്കുന്നത്.

> അടിയിൽ പിടിക്കാത്തതും മുകളിൽ നിന്ന് അമർത്താവുന്നതുമായ ആട്ടൽ നടപടിയാണ് ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. ക്രിസ്തീയ ജീവിതത്തെ അത് പ്രയോഗിക്കുമ്പോൾ, തന്റെ മൊത്തത്തിലുള്ള വിശ്വാസത്തിന് പിടിക്കാത്തതായ കാര്യങ്ങളാൽ അവരെ ഞെക്കിക്കൊണ്ട് ലോകത്തിനു വിട്ടുവീഴ്ച്ച ചെയ്യുവാൻ അവരെ നിർബ്ബന്ധിക്കുകയും ചെയ്തുകൊണ്ടിരുന്നു.[27]

യേശു തന്റെ ശിഷ്യന്മാരോട് ഊന്നി പറഞ്ഞു, "ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട്" (യോഹന്നാൻ 16:33), പൗലൊസ് പുതിയ ക്രിസ്ത്യാനികളെ മുന്നറിയിച്ചു, "നാം അനേകം കഷ്ടങ്ങളിൽ കൂടെ ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു" (പ്രവൃത്തികൾ 14:22). "ദൈവമക്കളായ- എല്ലാ ദൈവജനങ്ങളും ഭൂമിയിൽ അനുഭവിക്കുന്നതിനെ" ആണ് "മഹാ കഷ്ടം" എന്ന പ്രയോഗം വ്യക്തമാക്കുന്നത് എന്നാണ് എഡ്വേർഡ് മെക്ഡവൽ തീർച്ചപ്പെടുത്തിയത്.[28] തരംതാഴ്ന്ന ലോകത്തിൽ ഭക്തിയോടെ ജീവിക്കുവാൻ ശ്രമിക്കുന്ന ഏതൊരാൾക്കും പൊതുവായി അനുഭവിക്കേണ്ട ഒന്നാണ് കഷ്ടം എന്ന് ബൈബിൾ പഠിപ്പിക്കുന്നു (കൊലൊസ്യർ 1:24; 2 തിമൊഥെയൊസ് 3:1-5).

കഷ്ടത്തെ മാത്രം തിരിച്ചറിയുന്നതിന് സമയമെല്ലാം എടുത്ത് വേദഭാഗത്തിന്റെ പോയിന്റ് നമുക്ക് നഷ്ടമാകാതെ നോക്കണം: സ്വർഗത്തിലുണ്ടായിരുന്ന വിശുദ്ധന്മാർ *അതിജീവിച്ച*വരായിരുന്നു. കഷ്ടം അതെത്ര ഭയങ്കരമായാലും, എന്നേക്കുമുള്ളതല്ല. കർത്താവിൽ വിശ്വസ്തരായിരിക്കുക, എന്നാൽ നിങ്ങൾക്കും, കൂടെ, നിങ്ങളുടെ വ്യക്തിപരമായ കഷ്ടങ്ങളെ അതിജീവിക്കുവാൻ കഴിയും.

**രക്ഷയുടെ അനുഗ്രഹം (വാ. 14)**

മൂപ്പൻ പിന്നെ മഹാപുരുഷാരം വെള്ളയുടുപ്പ് ധരിച്ചതിന്റെ പ്രാധാന്യം വിവരിച്ചു: "അവർ കുഞ്ഞാടിന്റെ രക്തത്താൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചവരാകുന്നു" (വാ. 14).

ആ ഞെട്ടിക്കുന്ന ഭാവന നമുക്ക് നഷ്ടമാകാത്തവിധത്തിൽ മനസിലാകുന്ന പ്രയോഗമാണ് "രക്തത്താൽ കഴുകുക" എന്നത്. പാപജീവിതത്തെ കറപിരണ്ട തുണിയോടു താരതമ്യം ചെയ്യുന്ന ആശയം പൊതുവിൽ അംഗീകരിക്കപ്പെട്ട ഒന്നാണ് (യെശയ്യാവ് 64:6; സെഖര്യാവ് 3:3-5), എന്നാൽ വെളിപ്പാട് 7:14-ൽ അഴുക്ക് പിരണ്ട വസ്ത്രം *വെളുക്കുവാൻ ചുമന്ന* രക്തത്താൽ കഴുകേണ്ടിവന്നു. എസ്. ഡി. ഗോർഡൻ എഴുതി, "എന്തൊരു കലാകാരനും രസതന്ത്രജ്ഞനുമാണ് യേശു! അവൻ അഴുക്കുപിരണ്ട കറുത്ത വസ്ത്രം വെളുക്കുവാൻ ഉപയോഗിച്ചത് ശരിയ്ക്കും ചുവപ്പാണ്."[29]

സിംഹാസനത്തിനുചുറ്റും ഉണ്ടായിരുന്നവർ ശുദ്ധീകരണത്തിൽ നിഷ്ക്രിയരായി പോയവരായിരുന്നില്ല എന്ന് ശ്രദ്ധിക്കുക: *അവർ* തങ്ങളുടെ "വസ്ത്രം അലക്കിയവരായിരുന്നു"; "അവരുടെ ഉടുപ്പ് രക്തത്താൽ വെളുപ്പിച്ചു."[30] ഉപ

ദേഷ്ടാവായിരുന്ന അനന്യാസ് ശൗലിനോടു പറഞ്ഞു, "എഴുന്നേറ്റ്, കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ച് സ്നാനമേറ്റ് നിന്റെ *പാപങ്ങളെ കഴുകിക്കളക*" (പ്രവൃത്തികൾ 22:16; എംഫസിസ് മൈൻ). അനുതപിച്ച വിശ്വാസികളായി, നാം ജലസ്നാനത്തിൽ അടക്കംചെയ്യപ്പെടുമ്പോൾ, നമ്മുടെ ആത്മാക്കൾ കുഞ്ഞാടിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നു. പിന്നെ, നാം ക്രിസ്ത്യാനികളായി, ദൈവവചനത്തിൽ നടന്നാൽ (സങ്കീർത്തനങ്ങൾ 119:105), അവന്റെ രക്തം നമ്മെ തുടർച്ചയായി ശുദ്ധീകരിച്ചുകൊണ്ടിരിക്കുന്നു (1 യോഹന്നാൻ 1:7). "വിശുദ്ധവും, നിഷ്ക്കളങ്കവുമായ ക്രിസ്തുവിന്റെ വിലയേറിയ രക്തത്തിന്" നമുക്ക് ദൈവത്തോട് നന്ദി ചെലുത്താം (1 പത്രൊസ് 1:19)!

**സേവനത്തിന്റെ അനുഗ്രഹം (വാ. 15)**

പിന്നെ, മൂപ്പൻ പറഞ്ഞു, "അതുകൊണ്ട് അവർ അവന്റെ ആലയത്തിലിരുന്ന് രാപ്പകൽ[31] ആരാധിക്കുന്നു"[32] (വാ. 15).

സ്വർഗം, വെള്ളമേഘങ്ങൾക്കുള്ളിൽ വെള്ളയുടുപ്പ് ധരിച്ച് കയ്യും കെട്ടി – നിത്യത മുഴുവൻ നിശബ്ദരായിരിക്കുന്ന സ്ഥലമാണ് എന്ന ധാരണ പരന്നിട്ടുണ്ട്. അങ്ങനെയായാൽ അത് നമ്മെ മുഷിപ്പിക്കുകയില്ലേ? സ്വർഗം പ്രവർത്തനനിരതമാണെന്ന് നാം അറിയുവാൻ ദൈവം ആഗ്രഹിക്കുന്നു – അവിടെ നാം അവനെ ആരാധിക്കുകയും സേവിക്കുകയുമാണ് (കൂടാതെ 22:3 ഉം നോക്കുക).[33]

ഒരിക്കൽ, മേൾ ഹണ്ടർ എന്ന സഹോദരി അടുത്ത ഞായറാഴ്ച്ചക്കായി കർത്തൃമേശയുടെ പാത്രങ്ങൾ വൃത്തിയാക്കിയപ്പോൾ ഉപദേഷ്ടാവിനോട് അവർ പറഞ്ഞു, "ഞാൻ സ്വർഗത്തിൽ ചെല്ലുമ്പോൾ, എനിക്ക് അവിടെ എന്തെങ്കിലും വൃത്തിയാക്കുവാൻ വേണം"[34] നാം അവിടെ എന്തെല്ലാമാണ് ചെയ്യുക എന്ന് കൃത്യമായി നമുക്ക് അറിയില്ല (ദൈവത്തെ പുകഴ്ത്തുന്നതിനുപുറമെ), പക്ഷെ ഇത് നമുക്ക് അറിയാം: നാം തിരക്കുള്ളവരായും സന്തോഷമുള്ളവരായും ഇരിക്കും! റുഡിയാർഡ് കിപ്ലിങ്ങ് എഴുതി,

> ഭൂമിയുടെ അവസാന ചിത്രവും വരച്ച്
> ട്യൂബുകൾ ഉണക്കി മടക്കുകയും ചെയ്തപ്പോൾ,
> പഴക്കം ചെന്ന നിറങ്ങൾ മങ്ങുകയും,
> ഏറ്റവും ചെറിയ വിമർശകൻ മരിക്കുകയും ചെയ്യുമ്പോൾ,
> നാം വിശ്രമിക്കയും, പിന്നെ, വിശ്വാസം അതാണാവശ്യം – ഒന്നോ രണ്ടോ യുഗത്തിനായി കിടക്കും,
> എല്ലാ നല്ല പ്രവർത്തകരുടേയും യജമാനൻ
> നമ്മെ പുതിയ ജോലി ഏല്പിക്കുന്നതുവരെ;
>
> .. ... .. ... .. ... .. ... ...
>
> യജമാനൻ മാത്രമാണ് നമ്മെ പുകഴ്ത്തുകയും,
> അവൻ മാത്രം നമ്മെ കുറ്റപ്പെടുത്തുകയും ചെയ്യും;
> ആരും പണത്തിനു വേണ്ടിയും,
> പ്രസിദ്ധിക്ക് വേണ്ടിയും പ്രവർത്തിക്കുകയില്ല.
> ഒരുത്തൻ തന്റെ പ്രവൃത്തിയിൽ സന്തോഷിക്കയും,
> ഓരോരുത്തരും താന്താന്റെ നക്ഷത്രത്തിൽ വേറിട്ട്,

ദൈവത്തിൻ കാര്യങ്ങൾ അവന്ന് വേണ്ടി,
കാര്യങ്ങളെ സ്വീകരിക്കും![35]

## സുരക്ഷിതസൂക്ഷ്മതയുടെ അനുഗ്രഹം (വാ. 15, 16, 17)

യോഹന്നാൻ തുടർച്ചയായി നോക്കിക്കൊണ്ടിരുന്നപ്പോൾ, "സിംഹാസനത്തിലിരിക്കുന്നവൻ അവർക്ക് കൂടാരമായിരിക്കും" (വാ. 15).[36] "ദൈവം കൂടാരം [അല്ലെങ്കിൽ ടെന്റ്] തന്റെ ജനത്തിന്മേൽ വിരിക്കും" എന്നത് സൂചിപ്പിക്കുന്നത് അവൻ തന്റെ ജനത്തെ കരുതുകയും സംരക്ഷിക്കുകയും ചെയ്യുമെന്നാണ്. ആർഎസ്വി പറയുന്നത് "അവൻ തന്റെ സാന്നിധ്യത്താൽ അവരെ മറെക്കും" എന്നാണ്.

പിന്നെ, യോഹന്നാൻ ഫലത്തെ കുറിച്ച് പറയുന്നു: "ഇനി അവർക്ക് വിശക്കുകയില്ല, ദാഹിക്കയുമില്ല; വെയിലും യാതൊരു ചൂടും അവരുടെ മേൽ തട്ടുകയുമില്ല" (വാ. 16).[37] "മനുഷ്യന്റെ ആത്മിയാഗ്രഹങ്ങൾക്ക് അന്തിമമായ തൃപ്തി ലഭിക്കുന്നത്"[38] ഇവിടെയാണ്. ജീവിതത്തിലെ വിഷമങ്ങളെല്ലാം കഴിഞ്ഞു!

"ബൈബിളിൽ വെച്ച് ഏറ്റവും ചെറിയ മൃദുലമായ വാചകം";[39] അവൻ പിന്നെ പറഞ്ഞു, "ദൈവം താൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീരെല്ലാം തുടെച്ചുകളയും"[40] (വാ. 17). ദൈവം എല്ലാ ദുഃഖത്തിന്റെ കണ്ണുനീരും, എല്ലാ നഷ്ടത്തിന്റെ കണ്ണുനീരും, എല്ലാ നിരാശയുടെ കണ്ണുനീരും, ഏല്ലാ വേദനയുടെ കണ്ണുനീരും തുടച്ചുകളയും.

"ഈ അദ്ധ്യായത്തിന്റെ അവസാന വാക്യങ്ങൾ കണ്ണുനീർ വീഴാതെ വായിക്കുവാൻ" റോബെർട്ട് ബൺസിന് കഴിഞ്ഞിട്ടില്ല എന്ന് പറയപ്പെടുന്നു.[41] വില്യം ബാർക്ലേ എഴുതി, "മരണനിമിഷങ്ങളിലും വിലാപഭവനങ്ങളിലും ഈ വേദഭാഗം ആശ്വസിപ്പിച്ചവരുടെ അംഗസംഖ്യ എണ്ണുവാൻ അസാധ്യമാണ്."[42]

## മേൽനോട്ടത്തിന്റെ അനുഗ്രഹം (വാ. 17)

"സിംഹാസനത്തിന് നടുവിലുള്ള കുഞ്ഞാട് അവരുടെ ഇടയനായിരിക്കും"[43] എന്ന് പറഞ്ഞാണ് വേദഭാഗം അവസാനിപ്പിക്കുന്നത് (വാ. 17; കൂടാതെ യോഹന്നാൻ 10:11 നോക്കുക). കുഞ്ഞാടിന്റെ അലങ്കാരം ഇടയനായി മാറുന്നത് നമ്മെ അതിശയിപ്പിച്ചേക്കാം,[44] എന്നാൽ ഒരു ആടിന്റെ ആവശ്യങ്ങൾ മനസിലാക്കുവാൻ കഴിയുന്നത് മറ്റൊരു ആടിന് അല്ലേ?

ഒരു ഇടയനായി, തന്റെ ആളുകൾക്ക് യേശു ചെയ്യുന്നത് "അവരെ ജീവജലത്തിങ്കലേക്ക് നയിക്കുകയാണ്" ചെയ്യുന്നത് (വാ. 17)[45] – ''ദൈവത്തിന്റേയും കുഞ്ഞാടിന്റേയും സിംഹാസനത്തിൽനിന്നാണ് പളുങ്ക് പോലെ ശുഭ്രമായ ജീവജലനദി പുറപ്പെടുന്നത്" (22:1).

ഏൾ പാമർ കണ്ട ആശ്വാസവാക്കുകൾ "ഇന്ന് എന്റെ വിശ്വാസനടപ്പിലെ അതേ കർത്താവിനെ ആണ് എന്റെ യാത്രയുടെ അവസാനം ഞാൻ കണ്ടുമുട്ടുക ... എല്ലാ മനുഷ്യചരിത്രത്തിന്റെ അതിരിൽ അപരിചിതനായിട്ടല്ല, മറിച്ച് ഗലീലയിലും യോർദ്ദാനിലും, യെരുശലേമിനടുത്തുള്ള പരുപരുത്ത മലയിലും നിന്ന അതേ യേശുവിനെ ആണ് കാണുക."[46] കൊറി ടെൻ ബൂമിന്റെ അപ്പൻ അവളോട് പറഞ്ഞു, "യേശു നിങ്ങളുടെ കരം പിടിക്കുമ്പോൾ, അവൻ മുറുക്കി പിടിക്കും. യേശു നിങ്ങളെ മുറുക്കി പിടിക്കുമ്പോൾ, അവൻ നിങ്ങളുടെ ജീവിതത്തെ നയിക്കുകയാണ്. യേശു നിങ്ങളുടെ ജീവിതത്തെ നയിക്കുമ്പോൾ,

അവൻ നിങ്ങളെ സുരക്ഷിതമായി ഭവനത്തിലെത്തിക്കും."[47]

### ഉപസംഹാരം

പൗലൊസ് ഒരിക്കൽ എഴുതി "വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെയിരിപ്പാൻ എനിക്ക് കാംക്ഷയുണ്ട്, അത് അത്യുത്തമമല്ലൊ" (ഫിലിപ്പിയർ 1:23). എത്രത്തോളം ഉത്തമമാണ്? ഇത്രത്തോളം: നാം ദൈവത്തോട് അടുത്ത കൂട്ടായ്മയിലാകും, ഈ ഭൂമിയിലെ അർത്ഥശൂന്യമായതും അഴുക്കും പൊയ്പോയി, നാം വെള്ളയുടുപ്പ് ധരിച്ചവരാകും. നാം കർത്താവിനെ പുകഴ്ത്തി സേവിച്ചുകൊണ്ടിരിക്കും. ഓരോ ആവശ്യവും നിറവേറ്റും. യേശു നമ്മുടെ അടുത്ത കൂട്ടാളിയായിരിക്കും. എല്ലാ കണ്ണുനീരും ദൈവം തുടച്ചുകളയും.

അത് നിങ്ങളെ സ്വർഗത്തിലേക്ക് പോകുവാൻ പ്രചോദിപ്പിക്കുന്നില്ലേ? "കുഞ്ഞാടിന്റെ രക്തത്താൽ അങ്കി അലക്കി വെളുപ്പിച്ചവർ മാത്രമെ" അവിടെ ഉണ്ടായിരിക്കയുള്ളു എന്ന് ഓർമ്മിക്കുക (7:14). നിങ്ങളുടെ പാപങ്ങളെ ക്രിസ്തുവിന്റെ രക്തത്താൽ കഴുകിയിട്ടില്ലെങ്കിൽ, നിങ്ങൾ സ്നാനം ഏൽക്കേണ്ടിയിരിക്കുന്നു (പ്രവൃത്തികൾ 22:16), പിന്നെ നിങ്ങൾ കർത്താവിനോടുകൂടെ നടന്നാൽ, നിങ്ങൾ തുടർച്ചയായി അവന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെടും (1 യോഹന്നാൻ 1:7).

ഒരു കൊടുങ്കാറ്റിനെ ചിത്രീകരിച്ചുകൊണ്ടാണ് ഞാൻ ഈ പാഠവും കഴിഞ്ഞതും തുടങ്ങിയത്. കൊടുങ്കാറ്റിനെ-അതിജീവിക്കുന്ന ഒരു പാഠം യേശു ഒരിക്കൽ പഠിപ്പിക്കയുണ്ടായി: മഴ പെയ്യുമ്പോൾ, പ്രളയം വരുന്നു, കാറ്റും അടിക്കും - എന്നാൽ അതിജീവിച്ച് നിലനിൽക്കുന്നത്, അവന്റെ വചനങ്ങളെ കേട്ട് *പ്രമാണിക്കുന്നവരത്രെ* (മത്തായി 7:24-27). നിങ്ങൾ "കൊടുങ്കാറ്റിനു മീതെ ഉയരണമെങ്കിൽ", നിങ്ങൾ അവനെ അനുസരിക്കണം - ഇന്നു തന്നെ! നിങ്ങൾ നിങ്ങളുടെ പാപമോചനത്തിനായി മുങ്ങൽ സ്നാനം ഏറ്റിട്ടില്ലെങ്കിൽ (പ്രവൃത്തികൾ 2:38; 22:16), നീട്ടിവെക്കരുത്. നിങ്ങളുടെ ക്രിസ്തീയ നടപ്പ് വഴി മാറിയിട്ടുണ്ടെങ്കിൽ മടങ്ങിവരുവാനുള്ള സമയം "ഇപ്പോഴാകുന്നു സുപ്രസാദകാലം" (2 കൊരിന്ത്യർ 6:2).

---

### പ്രാസംഗികർക്കും ഉപദേഷ്ടാക്കൾക്കുമുള്ള കുറിപ്പുകൾ

കൊടുങ്കാറ്റ് ആശയം ഉപയോഗിക്കുവാൻ നിങ്ങൾക്ക് താൽപര്യമില്ലെങ്കിൽ, പാഠത്തെ "മറുവശത്തുനിന്നുള്ള കാഴ്ച്ച," "ചിത്രത്തിന്റെ മറുവശം," അല്ലെങ്കിൽ, "ശേഷിച്ച സംഭവം," എന്നെല്ലാം തലവാചകം ഇട്ടു വിളിക്കാം. ആദ്യത്തെ രംഗം (7:1-8) ഒരു കാഴ്ച്ച നൽകുന്നു (കുഴപ്പങ്ങൾ നേരിടുവാൻ സഭ ഒരുങ്ങുന്നു), എന്നാൽ രണ്ടാം രംഗം (7:9-17), അവസാന കാഴ്ച്ച നൽകുന്നു (സഭ വിജയിയായി). "സ്വർഗത്തിൽ കണ്ണുനീരില്ല" എന്ന മറ്റൊരു തലവാചകവും കൊടുക്കാം.

"സ്വർഗം എങ്ങനെ ആസ്വദിക്കാം" എന്ന വിഷയം, വ്യത്യസ്തമായ ഒരു സമീപനത്തിന് എടുക്കാം: ഒരുങ്ങിയ ആളുകൾക്കായി ഒരുക്കിയ സ്ഥലമാണ് സ്വർഗം (മത്തായി 25:34; യോഹന്നാൻ 14:2; വെളിപ്പാട് 21:27), എന്തിനു വേണ്ടിയാണ് ഒരുങ്ങേണ്ടതെന്ന് വെളിപ്പാട് 7:9-17 പറയുന്നു: (1) ദൈവത്തെ അനുസരിക്കുവാൻ ശീലിക്കുന്നത് ആസ്വദിക്കുക (ദൈവസിംഹാസനത്തിന് മുൻപിൽ നിൽക്കുന്നത് [വാ. 9] സൂചിപ്പിക്കുന്നത് അവന്റെ ഇഷ്ടം ചെയ്യുവാൻ ഒരു

ങ്ങിയിരിക്കുന്നു എന്നാണ്); (2) ദൈവത്തെ ആരാധിക്കുവാൻ ശീലിക്കുന്നത് ആസ്വദിക്കുക (വാ. 10–12); (3) വിശുദ്ധമായി ജീവിക്കുവാൻ ശീലിക്കുന്നത് ആസ്വദിക്കുക (വെള്ളയുടുപ്പ്; വാ. 13, 14; 19:8 കൂടെ നോക്കുക); (4) കർത്താവിനെ സേവിക്കുവാൻ ശീലിക്കുന്നത് ആസ്വദിക്കുക (വാ. 15); (5) വിശുദ്ധന്മാരുമായുള്ള കൂട്ടായ്മ ആചരിക്കുന്നത് ആസ്വദിക്കുക (വേദഭാഗം മുഴുവൻ). ഈ തലവാചകത്തോടുകൂടിയുള്ള എന്റെ പ്രസംഗം "*ക്രിസ്തു വരുന്ന ദിവസവും (വീണ്ടും)" മറ്റു പ്രസംഗങ്ങളും*[48] എന്നതിൽ കാണാം. അടുത്ത സമയത്തെ എന്റെ വായനയിൽ, ഈ പാഠത്തിൽ ഉപയോഗിക്കാവുന്ന ചില ഉദ്ധരണികൾ കാണുകയുണ്ടായി: "സ്വർഗം ഒരു സേവന സ്ഥാനമാണെന്നും, അവിടെ ഓരോരുത്തർക്കും തങ്ങളുടെ കഴിവനുസരിച്ച് സേവിക്കാൻ നിറയെ അവസരങ്ങളുണ്ട് എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്"[49] "സ്വർഗത്തിൽ ആരും പാടാതിരിക്കുന്നതായി യോഹന്നാൻ കണ്ടില്ല."[50]

ഒരൊറ്റ പാഠമായി നിങ്ങൾ അദ്ധ്യായം 7 പ്രസംഗിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഉപയോഗിക്കാവുന്ന തലവാചകങ്ങൾ, "ഇവിടെനിന്ന് നിത്യത വരെ," "ഇതെല്ലാം, പിന്നെ സ്വർഗവും," അല്ലെങ്കിൽ "മുൻപും പിൻപും."

വേണമെങ്കിൽ, അദ്ധ്യായം 6 ഉം 7 ഉം നിങ്ങൾക്ക് ഒറ്റ പാഠമായി ഉപയോഗിക്കാം. ഒരുമിച്ച് എടുക്കാവുന്ന വിഷയമാണ് "ദൈവേഷ്ടം." രണ്ട് അദ്ധ്യാങ്ങളിൽ മുഴുവനും എങ്ങനെ ദൈവേഷ്ടം ഊന്നി പറഞ്ഞിരിക്കുന്നു എന്ന് ശ്രദ്ധിക്കുക. സാധ്യതയുള്ള ഉപ-പോയിന്റുകൾ (1) ദൈവേഷ്ടവും ഉപദ്രവവും (6:1–11); (2) ദൈവേഷ്ടവും ശിക്ഷയും (6:12–17); (3) ദൈവേഷ്ടവും സുരക്ഷയും (7:1–8); (4) ദൈവേഷ്ടവും പുകഴ്ച്ചയും (7:9–17).

6 ഉം 7 ഉം അദ്ധ്യായങ്ങൾ യോജിപ്പിച്ച പാഠത്തിന് വാരെൻ വിയേഴ്സ്ബേ തലവാചകം കൊടുത്തത് "മുദ്രകളും മുദ്രയിട്ടവരും"[51] എന്നാണ് എന്നിട്ട് ശ്രദ്ധിച്ചത് (1) പ്രതികാരം (6:1–8), (2) പ്രതികരണം (6:9–17), (3) വീണ്ടെടുപ്പ് (7:1–17).

---

കുറിപ്പുകൾ

[1]"പോരാട്ടമുള്ള സഭ " എന്നത് അർത്ഥമാക്കുന്നത് *ആത്മീയ* പോരാട്ടമാണ്, അല്ലാതെ പ്രാകൃതയുദ്ധമല്ല. [2]ആൽബെർട്ടസ് പിയെറ്റേഴ്സ്, *സ്റ്റഡീസ് ഇൻ ദ റെവേലേഷൻ ഓഫ് സെന്റ്. ജോൺ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1954), 125. [3]വെളിപ്പാട് 7:9–13 സ്വർഗത്തെ കുറിച്ചല്ല വിവരിക്കുന്നതെന്നാണ് ചില എഴുത്തുകാർ വിശ്വസിക്കുന്നത്. അത് മനസിലാക്കുവാൻ, ഹോമർ ഹെയ്ലി, *റെവെലേഷൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1979), 213. ആ വേദഭാഗം സ്വർഗത്തെ വിവരിക്കുന്നില്ലെങ്കിലും, സ്വർഗീയ അനുഗ്രഹങ്ങളുടെ ഒരു മുൻനിഴൽ നൽകുന്നു എന്ന് മിക്ക എഴുത്തുകാരും സമ്മതിക്കും. [4]റോബെർട്ട് മൗൺസ്, *ദ ബുക്ക് ഓഫ് റെവെലേഷൻ*, ദ ന്യു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യുടെസ്റ്റമെന്റ് സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1977), 171. [5]മെറിൽ സി. ടെനി, *പ്രൊക്ലെയിമിങ്ങ് ദ ന്യുടെസ്റ്റമെന്റ്: ദ ബുക്ക് ഓഫ് റെവെലേഷൻ* (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1963), 37. [6]"ഒരു *മനുഷ്യനും* എണ്ണുവാൻ കഴിയാത്ത" എന്നാണ് കെജെവിയിൽ, (എംഫസീസ് മൈൻ) ഒരു *മനുഷ്യനും* എണ്ണിക്കൂടാത്തെ പുരുഷാരമായിരുന്നു, പക്ഷെ *ദൈവത്തിന്* കഴിയും. [7]രണ്ടാം ഭാഗം ഏഴ് മുദ്രകളോടു

കൂടെ പുസ്തകം മുഴുവൻ ചുറ്റിക്കൊണ്ടാണിരിക്കുന്നത് (4:1-8:5). *വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ, "ഞങ്ങൾ ജയിച്ചിരിക്കയാൽ, ദൈവത്തിന് സ്തോത്രം" എന്ന പാഠത്തിന്റെ രൂപരേഖയും പുനരവലോകനവും നോക്കുക. [8]ആ വാചകത്തിൽ "അടിസ്ഥാനപരമായി" എന്ന് പറയേണ്ടത് ആവശ്യമാണ്, കാരണം സ്നാനപ്പെടുമ്പോൾ മുദ്രയിടുന്നു എന്നത് (കഴിഞ്ഞ പാഠം നോക്കുക) "മരണപര്യന്തം വിശ്വസ്തരായിരിക്കും" എന്ന് ഉറപ്പ് നൽകുന്നില്ല (2:10). [9]ആ രണ്ടു കൂട്ടരേയും വിവരിച്ചിരിക്കുന്നതിലുള്ള വ്യത്യാസം ചിലപ്പോൾ എടുത്തു കാണിച്ചിട്ടുണ്ട്. അതിൽ ഒരു കൂട്ടർ ഭൂമിയിലും മറ്റൊന്ന് സ്വർഗത്തിലുമുള്ളവരായിട്ടാണ് കാണിക്കുന്നത്, എന്നാൽ ആ വ്യത്യാസം ഈ പുസ്തകത്തിൽ മറ്റൊരു ഭാഗത്ത് വിവരിക്കുന്നുണ്ട്. [10]യോഹന്നാന്റെ സമയത്ത് മുദ്രയിടപ്പെട്ട് ക്രിസ്ത്യാനികളെയും വെളിപ്പാട് പുസ്തകം എഴുതിയപ്പോഴേക്കും മരിച്ചവരേയും, മഹാപുരുഷാരത്തേയും ചിലർ പരിമിതപ്പെടുത്തുന്നുണ്ട്. അവരെ തീർച്ചയായും ദർശനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്, എന്നാൽ ആലങ്കാരികത അതിനേക്കാൾ കൂടുതലായി നാം മനസിലാക്കണം.

[11]ഭൂമിയിലുള്ള എല്ലാ വിഭാഗക്കാരെയും വീണ്ടെടുത്തിരിക്കുന്ന ഊന്നലാണ് ആ *നാല്* വാക്കുകൾ ഉപയോഗിച്ചിരിക്കുന്നതിലൂടെ വ്യക്തമാക്കുന്നത് ("നാല്" എന്നത് മനുഷ്യരുടെ സംഖ്യയാണ്). "ജാതി," "ഗോത്രം," "ഭാഷ," "ദേശം" എന്നീ വാക്കുകളെ വിവരിച്ചിരിക്കുന്ന, ഈ പുസ്തകത്തിലുള്ള "കുഞ്ഞാടാണ് യോഗ്യൻ" എന്ന പാഠം നോക്കുക. [12]"ഗോസ്റ്റ് ടൗൺ" എന്നത് കുറെ കാലത്തേക്ക് സമൃദ്ധമായിരിക്കുകയും (പലപ്പോഴും വിലകൂടിയ ലോഹം കുഴിച്ചെടുത്തതിനാൽ) പിന്നെ ഉപേക്ഷിക്കുകയും, ഇപ്പോൾ, ആൾത്താമസമില്ലാതെ കെട്ടിടങ്ങളെല്ലാം പൊളിഞ്ഞു തുടങ്ങിയതുമാണ്. [13]ജോൺ വിക്ക് ബോമാൻ, *ദ ഫസ്റ്റ് ക്രിസ്ത്യൻ ഡ്രാമാ: ദ ബുക്ക് ഓഫ് റെവെലേഷൻ* (ഫിലദെൽഫിയ.: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1955), 51. വെള്ളയുടുപ്പിന്റെ പ്രാധാന്യത്തെ കുറിച്ച് അറിയുവാൻ, ഈ പുസ്തകത്തിൽ ആദ്യം വന്ന "നിങ്ങൾക്ക് ചോദ്യങ്ങളുണ്ടോ? ദൈവത്തിന് ഉത്തരങ്ങളുണ്ട്" എന്ന പാഠത്തിലെ 6:11 ലെ പരാമർശങ്ങൾ നോക്കുക. [14]ഏൾ എഫ്. പാമർ, *1, 2, 3 യോഹന്നാൻ & വെളിപ്പാട്,* ദ കമെന്റേറ്റേഴ്സ് കമെന്ററി സീരീസ്, വാല്യം. 12 (ഡള്ളാസ്; വേഡ് പബ്ലിഷിങ്ങ്, 1982), 182. [15]മൗൺസ്, 172. [16]രണ്ട് "ആമേനുകൾ" ക്കിടയിലാണ് ഏഴ് വിധത്തിലുള്ള പുകഴ്ച്ച കൊടുത്തിരിക്കുന്നത്. [17]കുഞ്ഞാടിന് 5:12-ൽ കൊടുത്തിരിക്കുന്ന അതേ ആദരവാണ് ഇവിടെ ദൈവത്തിന് കൊടുത്തിരിക്കുന്ന ഏഴ് വിധത്തിലുള്ള ആദരവ്. 7:12 ഉം 5:12 ഉം തമ്മിൽ മൂന്നു വ്യത്യാസങ്ങളുണ്ട്: (1) ക്രമത്തിൽ വ്യത്യാസമുണ്ട്, (2) 7:12-ൽ "സമ്പത്ത്" എന്നതിന് പകരം "സ്തോത്രം" എന്നാണ്; (3) മൂലഗ്രന്ഥത്തിൽ, 7:12-ൽ, ഏഴിൽ ഓരോ വാക്കിനും മുൻപ് ഡെഫെനിറ്റ് ആർട്ടിക്കിൾ ("ദ'') ഉണ്ട്, എന്നാൽ 5:12-ൽ അതില്ല. ഓരോ വാക്കിനും മുൻപ് വരുന്ന ഡെഫനിറ്റ് ആർട്ടിക്കിളിന്റെ പ്രാധാന്യം കാണുവാൻ, ഈ പുസ്തകത്തിൽ ആദ്യം വന്ന "കാര്യങ്ങൾ വീക്ഷണത്തിൽ ആക്കൽ" എന്ന പാഠത്തിലെ 4:11 ലെ കുറിപ്പുകൾ നോക്കുക. [18]ഹെയ്ലി, 207. [19]യോഹന്നാൻ 7:2, 37-39 നോക്കുക. പെരുന്നാളിലെ "മഹാദിവസത്തിനിടയിൽ" ജലാഘോഷ സമയത്ത്, യേശു "ജീവജലത്തെ" (വാ. 38) കുറിച്ച് സംസാരിക്കുകയും, "ദാഹിക്കുന്നവൻ, എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ" എന്ന് പറയുകയും ചെയ്തു (വാ. 37). [20]വാക്യങ്ങൾ 13 മുതൽ 17 വരെയുള്ള ഭാഗങ്ങളിൽ ചോദ്യോത്തരങ്ങൾ മാറി മാറി ഉപയോഗിച്ചിരിക്കുന്നത്, സ്വർഗത്തിലെ അത്ഭുതങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുവാനാണ്, അല്ലാതെ ഒന്നും "തെളിയിക്കുവാൻ" അല്ല. ചിലർ ഇത് യോഹന്നാൻ അല്ല പുസ്തകം എഴുതിയത് എന്ന് തെളിയിക്കുവാൻ ഉപയോഗിക്കുന്നുണ്ട് ("അപ്പൊസ്തലനായ യോഹന്നാൻ പുരുഷാരത്തിൽ ചിലരെയെങ്കിലും അറിയുമായിരുന്നു") ക്രിസ്ത്യാനികളെ

ഉൾക്കൊള്ളിക്കുന്നതായിരുന്നില്ല പുരുഷാരം എന്ന് തെളിയിക്കുവാൻ ചിലർ ഇതിനെ ഉപയോഗിക്കുന്നുണ്ട് ("പുരുഷാരത്തിൽ ക്രിസ്ത്യാനികളുണ്ടായിരുന്നുവെങ്കിൽ, ചിലരെയെങ്കിലും അപ്പൊസ്തലനായിരുന്ന യോഹന്നാൻ തിരിച്ചറിയുമായിരുന്നു"). അത്തരം വിവേചനം അപോകാലിപിറ്റിക് ഭാഷയുടെ നാടകീയവും ആലങ്കാരികവു മായ സ്വഭാവത്തെ കാണുന്നില്ല.

[21]*മൂപ്പന്മാരിൽ* ഒരാൾ യോഹന്നാനെ സമീപിച്ചത് അപ്രധാനമായിരിക്കാം (മുൻപ് 5:5-ൽ അങ്ങനെ ഉണ്ടായിട്ടുണ്ട്). രംഗം ആവശ്യപ്പെടുന്നതനുസരിച്ച് വെളിപ്പാട് നാടകത്തിലെ എല്ലാ അഭിനേതാക്കൾക്കും സംസാരിക്കുവാനുള്ള പങ്കുണ്ടായിരുന്നു. ആ വസ്തുതയിൽ എന്തെങ്കിലും പ്രത്യേകതയുണ്ടെങ്കിൽ, മൂപ്പന്മാർക്ക് (രക്ഷിക്കപ്പെട്ട വരുടെ പ്രതിനിധികൾ) വീണ്ടെടുപ്പിനെ കുറിച്ച് സംസാരിക്കുവാനുള്ള യോഗ്യതയാ യിരിക്കും. [22] (നമുക്ക് അറിയാവുന്നേടത്തോളം) കേൾക്കത്തക്കവണ്ണം യോഹന്നാൻ ചോദ്യം ഒന്നും ചോദിക്കാത്തതുകൊണ്ട്, "മറുപടി പറഞ്ഞു" എന്നതിന്റെ അർത്ഥം, ഒരുപക്ഷെ യോഹന്നാൻ മനസിൽ ചോദിച്ചത് മുഖത്ത് പ്രതിഫലിച്ചിരിക്കാം, അല്ലെ ങ്കിൽ മുപ്പൻ ചോദ്യം പ്രതീക്ഷിച്ചതായിരിക്കാം. [23]ആൽബർട്ട് എച്ച്. ബാൽഡിഞ്ചർ, *പ്രീച്ചിങ്ങ് ഫ്രം റെവെലേഷൻ: ടൈമിലി മെസേജ് ഫോർ ട്രബിൾഡ് ഹാർട്ട്സ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1960), 38. [24]"ലോർഡ്" എന്ന തിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് (കൂറിയോസ്) ദൈവത്തിനും യേശുവിനും ഉപയോഗിക്കുന്ന ആദരണിയ വാക്കാണ്, എന്നാൽ ചിലപ്പോൾഅത് മനുഷ്യർക്കും ഉപയോഗിച്ചിട്ടുണ്ട് (മത്തായി 18:25-34; 25:11; 1 പത്രൊസ് 3:6 നോക്കുക). [25]ഇതിനെ "പുറത്തേക്ക് വരുന്നവർ" എന്നും തർജിമ ചെയ്യാം, അത് സൂചിപ്പിക്കുന്നത് ആ രംഗം നടക്കുന്നത് അന്തിമ ന്യായവിധിക്ക് ശേഷമാണ് എന്നത്രെ. എന്നാൽ പലരും വിചാ രിക്കുന്നത്, അവിടെ ഒരു അലങ്കാര പ്രയോഗമാണ് നടത്തിയിരിക്കുന്നത് എന്നാണ്, ഭാവിയെ കുറിച്ചു പറയുവാൻ അവിടെ വർത്തമാനകാലമാണ് ഉപയോഗിച്ചിരിക്കുന്നത്. (എൻഐവിയിലും ആർഎസ്‌വിയിലും "*ഹാവ്* കം ഔട്ട് ഓഫ്") എന്നാണ് (എം ഫസിസ് മൈൻ). [26]മിക്ക ആയിരാമാണ്ട് വാഴ്ച്ചക്കാരും എടുത്തിരിക്കുന്ന തെറ്റായ ആശയം എന്തെന്നാൽ യേശു വീണ്ടും വരുന്നതിന് മുൻപ് ഒരു വാഴ്ച്ചയുണ്ട് (അക്ഷ രികമായ), ആ ഏഴ് വർഷക്കാലം വിശ്വസികളെ ഭൂമിയിൽനിന്ന് ആകാശത്തിൽ എടു ക്കും ("ദ റാപ്ച്ചർ") ഭൂമിയിലുള്ളവർക്ക് ആ ഏഴ് വർഷവും കഷ്ടയായിരിക്കും ("ട്രി ബുലേഷൻ"). [27]ഡി. ടി. നൈൽസ്, *ആസ് സീയിങ്ങ് ദ ഇൻവിസിബിൾ: ഏ സ്റ്റഡി ഓഫ് ദ ബുക്ക് ഓഫ് റെവെലേഷൻ* (ന്യുയോർക്ക്.: ഹാർപ്പർ & ബ്രദേഴ്സ്, പബ്ലിഷേഴ്സ്, 1961), 139. [28]എഡ്വേർഡ് എ. മെക്ഡവൽ, *ദ മീനിങ്ങ് ആന്റ് മെസേജ് ഓഫ് ദ ബുക്ക് ഓഫ് റെവെലേഷൻ (*നാഷ്‌വിലേ: ബ്രോഡ്മാൻ പ്രസ്, 1951), 99. [29]ക്വോട്ടഡ് ബൈ മയെർ പേൾമാൻ ഇൻ *വിൻഡോസ് ഇൻടു ഫ്യൂച്ചർ: ഡിവോഷ്ണൽ സ്റ്റഡീസ് ഇൻ ദ ബുക്ക് ഓഫ് റെവെലേഷൻ* (സ്പ്രിങ്ങ്ഫീൽഡ്, മോ.: ഗോസ്പൽ പബ്ലിഷിങ്ങ് ഹൗസ്, 1941), 77. [30]രണ്ടാമത്തെ "അവർ" എന്നത് ഗ്രീക്ക് ക്രിയയുടെ അന്തർലീനമാ യിരിക്കുന്ന "ആക്കിയിരിക്കുന്നു" എന്ന ഭാഗമാണ്.

[31]"രാപ്പകൽ" എന്ന് ആ വാക്യത്തിൽ പറഞ്ഞിരിക്കുന്നത് ചിലരെ ഉൽക്കണ്ഠപ്പെ ടുത്തുന്നുണ്ട്, എന്നാൽ 21:25 പറയുന്നു, "അവിടെ രാത്രി ഉണ്ടാകയില്ല." (1) സ്ഥിര തയല്ല, ഭാവനയാണ് വെളിപ്പാട് പുസ്തകത്തിൽ പ്രാധാന്യമുള്ളതെന്ന് ഓർക്കുക. (2) "നിർത്താതെ, എല്ലാ സമയവും" എന്ന അർത്ഥത്തിലുള്ള ഒരു പ്രയോഗമാണ് "രാപ്പകൽ" എന്നത്. [32]ഈ വാക്യത്തിൽ ദൈവാലയത്തെ കുറിച്ചു പറഞ്ഞിരിക്കുന്ന തിലാണ് ചിലർ വിചാരപ്പെടുന്നത്, എന്നാൽ 21:22 പറയുന്നു, "അവിടെ ദൈവാലയം കണ്ടില്ല." (1) വീണ്ടും, സ്ഥിരതയല്ല, ഭാവനയാണ് വെളിപ്പാട് പുസ്തകത്തിൽ പ്രാധാ

ന്യമുള്ളതെന്ന് ഓർക്കുക. (2) ആലയം എന്നു വിളിക്കുന്ന *കെട്ടിടം* സ്വർഗത്തിലില്ല; മറിച്ച്, സ്വർഗം *മുഴുവൻ* അവനെ നമസ്ക്കരിക്കുന്ന വിശുദ്ധ സ്ഥലമാണ്. [33]"ശുശ്രൂഷ" എന്നതിന് എൻഏഎസ്ബിയിൽ ഗ്രീക്ക് തർജിമ ചെയ്തിരിക്കുന്നത് "നമസ്ക്കാരം" എന്ന വാക്കാണ്, പ്രത്യേകിച്ച് പരസ്യാരാധന. നമ്മുടെ ജീവിതം ദൈവസേവനത്തിനായി സമർപ്പിക്കുക എന്നും അതിന് അർത്ഥമുണ്ട് (റോമർ 12:1-ൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് നമ്മുടെ ശരീരത്തെ ജീവനും പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുന്നതിനെ കുറിച്ചാണ് പറയുന്നത്). [34]ഈ സംഭവം പങ്കിട്ടത്, ജുഡ്സോനിയ ചർച്ച് ഓഫ് ക്രൈസ്റ്റിലെ മുന്നുപദേഷ്ടാവായിരുന്ന ഗ്ലെൻ പെയിസ് ആണ്. സ്വർഗത്തിൽ ആളുകൾ പ്രാവർത്തികമാകുവാൻ വാഞ്ഛരിച്ചുവെന്നതിന് നോക്കുക, ഡേവിഡ് റോപ്പർ, *"ക്രിസ്തു വരുന്ന ദിവസവും (വീണ്ടും)", മറ്റു പ്രസംഗങ്ങളും* (ഡള്ളാസ്: ക്രിസ്റ്റ്യൻ പബ്ലിഷിങ്ങ് കമ്പനി., 1965), 182-83. [35]റുഡിയാർഡ് കിപ്ലിങ്ങ്, "ഭൂമിയുടെ അവസാന ചിത്രവും വരച്ചുകഴിയുമ്പോൾ," *റുഡിയാർഡ് കപ്ലിങ്ങ്സ് വെഴ്സ്* (ഗോർഡൻ സിറ്റി, എൻ.വൈ: ഡബിൾഡേ ആന്റ് കമ്പനി., 1940), 226. [36]കെജെവിയിൽ "അവർക്കിടയിൽ വസിക്കും" എന്നാണ്. സ്വർഗത്തിൽ ദൈവം തന്റെ ജനത്തോടുകൂടെയായിരിക്കും, ഗ്രീക്ക് പുസ്തകത്തിൽ അതിലധികം അടങ്ങിയിട്ടുണ്ട്. മുല ഗ്രന്ഥം അക്ഷരാർത്ഥത്തിൽ പറയുന്നത് "*അവൻ* [തന്റെ] ടെന്റ് അവർക്ക് വേണ്ടി വിരിക്കും" എന്നാണ്. [37]വെളിപ്പാട് 7:16 യെശയ്യാവ് 49:10 മായി താരതമ്യം ചെയ്യുക, അവിടെ യെഹൂദന്മാർ പ്രവാസത്തിനുശേഷം അവരുടെ മാതൃദേശത്തേക്ക് മടങ്ങിവരുന്നതിനെ ചിത്രീകരിച്ചിരിക്കുകയാണ്. [38]മൗൺസ്, 176. [39]പേൾമാൻ, 78. [40]വെളിപ്പാട് 7:17 യെശയ്യാവ് 25:8; 66:13 മായും താരതമ്യം ചെയ്യുക.

[41]ബാൽഡിഞ്ചർ, 38-39. [42]വില്യം ബാർക്ലേ, *ദ റെവെലേഷൻ ഓഫ് ജോൺ,* വാല്യം. 2, റെവ. എഡി., ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1976), 36. [43]കെജെവിയിൽ "ഫീഡ് ദെം" എന്നാണ്, പക്ഷെ ക്രിയാ രൂപം അർത്ഥമാക്കുന്നത് "ഒരു ഇടയൻ എന്ന നിലയിൽ കരുതുക" എന്നാണ്, അതിൽ അവരെ പോഷിപ്പിക്കുന്നതും അതിലധികവും അടങ്ങുന്നു. [44]പ്രാരംഭ വായനക്കാർക്ക് പ്രശ്നമുണ്ടാക്കുന്നതല്ല, കുഞ്ഞാട് ആടിനെ നയിക്കുക എന്നത്. മിക്ക കൂട്ടത്തിനും "നയിക്കുന്ന ആട്" ഉണ്ടായിരിക്കും. കന്നുകാലികളെ പരിചയമുള്ളവർക്ക് അറിയാം, ആ കൂട്ടത്തെ സാധാരണ നയിക്കുന്നത് ഒരു പശുവായിരിക്കും, അതിന്റെ കഴുത്തിൽ ഒരു മണി കെട്ടിയിരിക്കയും ചെയ്യും. [45]ഇടയൻ തന്റെ ജനത്തിനു വേണ്ടി ചെയ്യുന്ന മറ്റു നല്ല കാര്യങ്ങൾക്ക്, സങ്കീർത്തനങ്ങൾ 23 ഉം യെശയ്യാവ് 40:11 ഉം നോക്കുക. [46]പാമർ, 184. [47]കോറി ടെൻ ബൂം, *ഇൻ മൈ ഫാദേഴ്സ് ഹൗസ്* (ഓൾഡ് ടപ്പാൻ, എൻ. ജെ.: ഫ്ളെമിങ്ങ് എച്ച്. റെവെൽ കമ്പനി., 1976), 192. [48]റോപ്പർ, 175-86. [49]പേൾമാൻ, 77. [50]ബാൾഡിഞ്ചർ, 38.

[51]വാരെൻ വിയേഴ്സ്ബേ, ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി, വാല്യം, 2 (വീറ്റൺ, III .: വിക്ടർ ബുക്സ്, 1989), 586-91.



സിംഹാസനത്തിനു ചുറ്റുമുള്ള പുരുഷാരം (7:9, 10)